"ഭരണഭാഷ- മാതൃഭാഷ"  കേരള സർക്കാർ

ഇൻറർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

നമ്പർ.സി1/407/2025/ഐ&പിആർ  തിരുവനന്തപുരം

തിയതി: 08-10-2025

ഡിസൈനർ /ഫാബ്രിക്കേറ്റർമാരുടെ ശ്രദ്ധയ്ക്ക്

ന്യൂ ഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ (പ്രഗതി മൈതാനം) 2025 നവംബർ 14 മുതൽ 27 വരെ സംഘടിപ്പിക്കുന്ന 44-ാമത് ഭാരത അന്താരാഷ്ട്ര വ്യാപാര മേളയോടനുബന്ധിച്ച് 299 ചതുരശ്ര മീറ്ററിൽ സംസ്ഥാന സർക്കാരിന്റെ പവലിയൻ ഡിസൈനും ഫാബ്രിക്കേഷനും ചെയ്യുന്നതിന് പ്രൊപ്പോസൽ ക്ഷണിക്കുന്നു. ഇപ്രാവശ്യത്തെ വ്യാപാരമേളയുടെ തീം 'ഏക് ഭാരത്, ശ്രേഷ്ഠ ഭാരതം', ഇന്ത്യയുടെ വൈവിധ്യമാർന്ന സാംസ്കാരിക സമൃദ്ധിയേയും ജനങ്ങളിലുള്ള ഐക്യവും സൗഹൃദവും ശക്തിപ്പെടുത്തുക എന്ന ലക്ഷ്യം പ്രതിഫലിപ്പിക്കുന്നു.

താല്പര്യമുള്ള ആർട്ടിസ്റ്റ്/ ഡിസൈനർ മേൽ സൂചിപ്പിച്ചിട്ടുള്ള തീം അടിസ്ഥാനപ്പെടുത്തി ഒരു ഡിസൈൻ തയ്യാറാക്കി അത് വീഡിയോ ഫോർമാറ്റിൽ ജഡ്ജിങ് കമ്മിറ്റി മുമ്പാകെ 2025 ഒക്ടോബർ 17-ന്, രാവിലെ 11 മണിക്ക് തിരുവനന്തപുരത്ത്, സെക്രട്ടേറിയറ്റിൽ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിലെ പി. ആർ. ചേമ്പറിൽ അവതരിപ്പിക്കേണ്ടതാണ്. ഒരു ഏജൻസി/ വ്യക്തിക്ക് ഡിസൈൻ അവതരിപ്പിക്കാൻ പരമാവധി 30 മിനിറ്റ് അനുവദിക്കുന്നതായിരിക്കും. ഡിസൈൻ - ഫാബ്രിക്കേഷൻ വർക്കുകളുടെ പ്രൊപ്പോസലിൽ വിശദമായ കോസ്റ്റ് എസ്റ്റിമേറ്റ് (ക്രിയേറ്റിവ് ചാർജ്ജ്, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, സിവിൽ ഐറ്റം പ്രകാരമുള്ള ചാർജ്ജ്, തുടങ്ങിയ അനുബന്ധ ചാർജ്ജുകൾ) ഉൾപ്പെടുത്തേണ്ടതും, പ്രസ്തുത തുക പരമാവധി ജി എസ് ടി ഉൾപ്പെടെ 50 ലക്ഷം രൂപയ്ക്കുള്ളിൽ ആയിരിക്കുകയും വേണം. പ്രൊപ്പോസൽ അവതരണത്തിനു മുമ്പ് തന്നെ ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിൽ ലഭ്യമാക്കേണ്ടതാണ്. തിരഞ്ഞെടുക്കപ്പെടുന്ന ഏജൻസി/ വ്യക്തി തന്നെ ഡിസൈൻ അടിസ്ഥാനമാക്കിയുള്ള ഫാബ്രിക്കേഷൻ ജോലികളും നിർവഹിക്കേണ്ടതാണ്. പവലിനിൽ ചുവടെ പറയുന്ന ഉണ്ടായിരക്കണം.

- 'ഏക് ഭാരത്, ശ്രേഷ്ഠ ഭാരതം', ഇന്ത്യയുടെ വൈവിധ്യമാർന്ന സാംസ്കാരിക സമൃദ്ധിയേയും ജനങ്ങളിലുള്ള ഐക്യവും സൗഹൃദവും ശക്തിപ്പെടുത്തുക എന്ന തീമിൽ 299 സ്വയർ മീറ്ററിൽ പവലിയൻ സജ്ജമാക്കണം.
- 28 - മുതൽ 30 വരെ എണ്ണം സ്റ്റാളുകൾ പവലിയനിൽ ക്രമീകരിക്കേണ്ടതാണ്.
- സ്റ്റാളുകളിൽ ഇലക്ട്രിക് പവർ പോയിന്റുകൾ ക്രമീകരിക്കേണ്ടതാണ്.

- സർക്കാർ സ്ഥാപനങ്ങളോ പൊതുമേഖലാ സ്ഥാപനങ്ങളോ സ്റ്റാൾ ഇന്റീരിയിലിന് സമീപിച്ചാൽ ആയത് ടി സ്ഥാപനത്തിന്റെ ചെലവിൽ ചെയ്തുകൊടുക്കേണ്ടതാണ്.

- പവലിനിൽ എൻട്രി പോയിന്റും എക്സിറ്റ് പോയിന്റും ഉണ്ടായിരിക്കണം.

- സ്റ്റാളുകൾ രാത്രിയിൽ മറയ്ക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ഉണ്ടാകണം.

- 299 സ്വയർമീറ്ററിൽ വുഡൺ പ്ലാറ്റ്ഫോം, മാറ്റ് എന്നിവ ഉണ്ടാകണം.

- പവലനിയനിൽ 2 സ്റ്റോറേജ് സ്പെയ് സ് ക്രമീകരിക്കണം.

- ഗസ്റ്റ് റൂം, ഓഫീസ് റൂം എന്നിവ പവലിയനിൽ സജ്ജീകരിക്കണം

- സ്റ്റാളുകളിൽ വിൽപന സാധനങ്ങൾ ഡിസ്പ്ലേ ചെയയ്യുന്നിതിനുളള സജ്ജീകരണം ഒരുക്കണം.

- ഐ ടി പി ഒയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് പവലിൻ സജ്ജമാക്കണം

വിശദവിവരത്തിന് ഫോൺ: 9446700467

SUBHASH T V I A S
DIRECTOR

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ) (വകുപ്പിന്റെ www.prd.kerala.gov.in വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ഉത്തരവിൻ പ്രകാരം

Signed by
Sonia James
Date: 09-10-2025 10:35:06
സെക്ഷൻ ഓഫീസർ.